"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഒരു കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.2035/2023/LSGD തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.84/2022/എൽ.എസ്.ജി.ഡി. തീയതി 31.12.2022
2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28.05.2022, 16.07.2022 തീയതികളിലെ NREGA/239/2021-E3 നമ്പർ കത്തുകൾ
3. സ.ഉ.(സാധാ) നം.1160/2023/LBR തീയതി 19.09.2023
4. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26.09.2023-ലെ 1/NREG/WB നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം നിലവിൽ വന്ന, സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി രൂപീകരിച്ച കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) കത്തുകൾ പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം 27.07.2023-ലെ 666-മത് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് യോഗം അംഗീകരിക്കുകയുണ്ടായി. തുടർന്ന് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്ന് ഒരു കോടി രൂപ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന് വായ്പയായി നൽകുന്നതിന് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അനുമതി പരാമർശം (3) പ്രകാരം തൊഴിൽ വകുപ്പിന്റെ സർക്കാർ അനുമതി നൽകുകയുമുണ്ടായി.

2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം-2021 ന്റെ ചട്ടം 14 പ്രകാരം ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്ക് വേണ്ടി അതത് സമയം പണം കടം വാങ്ങാവുന്നതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ മേൽ നിബന്ധന അനുസരിച്ച് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വായ്പയെടുക്കാൻ അനുമതി ലഭിച്ച ഒരു കോടി രൂപ വായ്പയായി സ്വീകരിക്കാൻ തദ്ദേശ

സ്വയംഭരണ വകുപ്പുതല അനുമതി നൽകണമെന്ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ പരാമർശം (4) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വായ്പയെടുക്കാനുള്ള കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തീരുമാനവും അത് സംബന്ധിച്ച് നടന്ന തുടർനടപടികളുമെല്ലാം നിയമാനുസൃതവും, പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ അനുസരിച്ചുമാണ് നടന്നിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ തൊഴിൽ വകുപ്പിന്റെ സർക്കാർതല അനുമതിയും ലഭ്യമായിട്ടുണ്ട്.

4. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ₹1 കോടി രൂപ (ഒരു കോടി രൂപ മാത്രം), ഇരു ബോർഡുകളും പരസ്പരം അംഗീകരിച്ച് ഒപ്പുവച്ച കരാറിലെ നിബന്ധനകൾക്ക് വിധേയമായി വായ്പയായി സ്വീകരിക്കുന്നതിന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.), തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ലേബർ (ബി) വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 17-10-2023 11:37:13
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്